# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 21.12.2024**

### പ്രധാനവാർത്തകൾ

1. **രണ്ട് ദിവസത്തെ സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കുവൈത്തിൽ ഊഷ്മള വരവേൽപ്പ്.**

2. **സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിക്കുന്നത് കൃത്യമായ വിപണി ഇടപെടൽ മൂലമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സപ്ലൈകോ ക്രിസ്തുമസ്-ന്യൂ ഇയർ ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു.**

3. **തിരുവനന്തപുരം ചെങ്കൽ സ്കൂളിൽ ഏഴാം ക്ലാസുകാരിക്ക് പാമ്പുകടിയേറ്റ സംഭവത്തിൽ ആരോഗ്യ – വിദ്യാഭ്യാസ വകുപ്പ് അധികൃതർ പരിശോധന നടത്തി.**

4. **കേന്ദ്രമന്ത്രി മനോഹർ ലാൽ ഇന്ന് കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയനുമായി നാളെ കൂടിക്കാഴ്ച.**

5. **കൊല്ലത്ത് നടന്ന പ്രസിഡൻറ്സ് ട്രോഫി വള്ളംകളിയിൽ വീയപുരം ചുണ്ടൻ ജേതാവ്. സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്ന് ബംഗാൾ -മണിപ്പൂർ പോരാട്ടം.**

**************************************

## പ്രധാനമന്ത്രി

രണ്ട് ദിവസത്തെ സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കുവൈത്തിൽ ഊഷ്മള വരവേൽപ്പ്. കുവൈറ്റ് അമീറിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. 43 വർഷത്തിന് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റ് സന്ദർശിക്കുന്നത്. ഇന്ത്യ-കുവൈത്ത് സൗഹൃദം ശക്തിപ്പെടുത്താൻ സന്ദർശനം സഹായകമാകുമെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമ പോസ്റ്റിൽ പറഞ്ഞു. ഇന്ത്യയും കുവൈത്തും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തിന് ഇന്ത്യ ഏറെ പ്രാധാന്യം കല്പ്പിക്കുന്നതായി യാത്രയ്ക്കു മുന്നോടിയായി പുറത്തിറക്കിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു.

*************************************

RNU TVPM

## സപ്ലൈകോ - ഇൻട്രോ

വിപുലമായ വിപണി ഇടപെടൽ വഴിയാണ് വിലക്കയറ്റം ഫലപ്രദമായി തടഞ്ഞുനിർത്താൻ സാധിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സപ്ലൈകോ ക്രിസ്തുമസ്-ന്യൂ ഇയർ ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. നെല്ലിൻറെയും നാളികേരത്തിൻറെയും ഉത്പാദനക്ഷമത നല്ല രീതിയിൽ വർധിപ്പിക്കാൻ സാധിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

ഈ മാസം 30 വരെ നീളുന്ന വിപണന മേളയിൽ 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പുറമെ ശബരി ഉൽപ്പന്നങ്ങളും 10 മുതൽ 40 ശതമാനം വിലക്കുറവിൽ ലഭ്യമാകും.

***********************************

## മനോഹർ ലാൽ

കേന്ദ്ര ഊർജ്ജ, നഗരകാര്യ മന്ത്രി മനോഹർ ലാൽ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയനുമായി അദ്ദേഹം നാളെ തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തും. ഊർജ്ജ, നഗരകാര്യ പദ്ധതികളുടെ അവലോകനവും സന്ദർശനത്തിന്റെ ഭാഗമായി നടക്കും. തിങ്കളാഴ്ച കൊച്ചി സന്ദർശിക്കുന്ന അദ്ദേഹം വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങളും വിലയിരുത്തും.

***********************************

## സൗഖ്യം സദാ

'സൗഖ്യം സദാ' ആന്റിബയോട്ടിക് സാക്ഷരത യജ്ഞം ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ പത്തനംതിട്ടയിൽ മന്ത്രി വീണാ ജോർജ് നിർവഹിക്കും. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ സ്പാർക്ക് പദ്ധതിയുടെ ഭാഗമായി നാഷണൽ സർവീസ് സ്കീമുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. ആധുനിക ലോകത്തെ അശാസ്ത്രീയമായ മരുന്നുപയോഗ ശീലങ്ങൾ തിരിച്ചറിയുന്നതിലൂടെ സ്വയം പാകപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കാനും അവരിലൂടെ സമൂഹത്തിൽ അവബോധം വളർത്താനും ലക്ഷ്യമിട്ടാണ് പരിപാടി.

***********************************

## കട്ടപ്പന ആത്മഹത്യ

ഇടുക്കി കട്ടപ്പനയിൽ വ്യാപാരി ജീവനൊടുക്കിയ സംഭവത്തിൽ കേസ് അന്വേഷണം പ്രത്യേക സംഘത്തിന്

RNU TVPM

കൈമാറി. കട്ടപ്പന, തങ്കമണി സി.ഐമാരുടെ നേതൃത്വത്തിലുള്ള സംഘമാണ് കേസ് അന്വേഷിക്കുന്നത്. സാബുവിൻറെ മൃതദ്ദേഹം കട്ടപ്പന സെൻറ് ജോർജ്ജ് ഫൊറോന പള്ളിയിൽ സംസ്കരിച്ചു. അതേസമയം സൊസൈറ്റി മുൻ പ്രസിഡൻറ് സാബുവിനെ ഭീഷണിപ്പെടുത്തിയിരുന്നതായി ഭാര്യ മേരിക്കുട്ടി ആരോപിച്ചു. സംഭവത്തിൽ കട്ടപ്പന പോലീസ് കുടുംബത്തിൻറെ മൊഴി രേഖപ്പെടുത്തിയിരുന്നു.

**************************************

## എം.ടി വാസുദേവൻ നായർ

കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സാഹിത്യകാരൻ എം.ടി.വാസുദേവൻ നായരുടെ ആരോഗ്യ നിലയിൽ നേരിയ പുരോഗതി. ആശുപത്രിയിലെ തീവ്ര പരിചരണ വിഭാഗത്തിൽ ചികിൽസയിൽ കഴിയുന്ന അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വിദഗ്ധ ഡോക്ടർമാർ നിരീക്ഷിച്ചുവരികയാണ്.

RNU TVPM

**************************************

## മുണ്ടക്കൈ

മുണ്ടക്കൈ പുനരധിവാസ കരട് പട്ടികയിൽ അപാകതയുണ്ടെന്നാരോപിച്ച് മേപ്പാടി പഞ്ചായത്തിൽ മുണ്ടക്കൈ ചൂരൽമല ആക്ഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധം അവസാനിച്ചു. അപാകതകൾ പരിഹരിക്കാം എന്ന് എഡിഎം നൽകിയ ഉറപ്പിൻമേൽ ആണ് പ്രതിഷേധം അവസാനിപ്പിച്ചത്. നിരവധി പേരെ ഒഴിവാക്കിയെന്നും പേരുകളിൽ ഇരട്ടിപ്പ് ഉണ്ടെന്നും ആരോപിച്ചായിരുന്നു പ്രതിഷേധം. 388 പേരുടെ പട്ടികയാണ് കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ചത്.

************************************

## കൊച്ചി - ഭക്ഷ്യവിഷബാധ

കൊച്ചി പൊന്നുരുന്നിയിൽ അങ്കണവാടിയിൽ ഭക്ഷ്യവിഷബാധയെ തുടർന്ന് 12 കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുട്ടികൾക്ക് ഛർദിയും വയറിളക്കവും ഉണ്ടായതിനെ തുടർന്നാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. മലിന ജലം ഒഴുകുന്ന കനാലിന് സമീപത്തെ ടാങ്കിൽ നിന്ന് വെള്ളം എടുത്ത് ഭക്ഷണം പാചകം ചെയ്തതാണ് ഭക്ഷ്യവിഷ ബാധയ്ക്ക് കാരണമായത് എന്നാണ് വിലയിരുത്തൽ.

************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

************************************

## ചെങ്കൽ യു പി സ്കൂൾ

തിരുവനന്തപുരം ചെങ്കൽ യു പി സ്കൂളിൽ വിദ്യാർത്ഥിയ്ക്ക് പാമ്പ് കടിയേറ്റ സംഭവത്തിൽ ആരോഗ്യ - വിദ്യാഭ്യാസ വകുപ്പ് അധികൃതർ സ്കൂളിൽ പരിശോധന നടത്തി. നെയ്യാറ്റിൻകര ഡി ഇ ഒ യുടെ നേതൃത്വത്തിലായിരുന്നു പരിശോധന. സംഭവത്തിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് മന്ത്രി വി ശിവൻകുട്ടി നിർദേശം നൽകിയിരുന്നു. സ്കൂളിൽ

ക്രിസ്തുമസ് ആഘോഷം നടക്കുന്നതിനിടെയാണ് ഏഴാം ക്ലാസുകാരി നേഹയ്ക്ക് പാമ്പ് കടിയേറ്റത്.

*************************************

**ശബരിമല തീർത്ഥാടനം -ഇൻട്രോ**

മണ്ഡല മഹോത്സവവുമായി ബന്ധപ്പെട്ട് ശബരിമലയിൽ ഭക്തജനത്തിരക്ക് നിയന്ത്രണവിധേയമാക്കുന്നതിൻറെ ഭാഗമായി ഈ മാസം 25, 26 തീയതികളിൽ വെർച്വൽ ക്യൂ, തൽസമയ ബുക്കിങ്ങുകളിൽ ക്രമീകരണമേർപ്പെടുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയ്സ്)

*************************************

**പ്രസിഡൻറ്സ് ട്രോഫി**

പ്രസിഡൻറ്സ് ട്രോഫി വള്ളംകളിയിൽ വീയപുരം ചുണ്ടൻ ജേതാവ്. കൊല്ലം അഷ്ടമുടിക്കായലിൽ നടന്ന ആവേശകരമായ മത്സരത്തിൽ മൂന്ന് മിനുട്ട് 53 സെക്കൻറ് 85 മൈക്രോ സെക്കൻറിൽ 1,100 മീറ്റർ തുഴഞ്ഞെത്തിയാണ് വില്ലേജ് ബോട്ട് ക്ലബ് കൈനകരി തുഴഞ്ഞ വീയപുരം ചുണ്ടൻ പ്രസിഡൻറ്സ് ട്രോഫി നേടിയത്. ഒരു സെക്കൻറ് 29 മൈക്രോ സെക്കന്റ് വ്യത്യാസത്തിലാണ് കാരിച്ചാലിന് പ്രസിഡൻറ്സ് ട്രോഫി നഷ്ടമായത്. ചാമ്പ്യൻസ് ബോട്ട് ലീഗ് പോയിൻറ് നിലയിൽ ഒന്നാമതെത്തിയ പള്ളാതുരുത്തി ബോട്ട് ക്ലബിൻറെ കാരിച്ചാൽ ചുണ്ടൻ CBL ചാമ്പ്യനായി. വീയപുരം ചുണ്ടൻ CBL ൽ രണ്ടാമനായി.

*************************************

RNU TVPM

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്ന് നടന്ന മത്സരത്തിൽ രാജസ്ഥാനെതിരെ സർവീസസിന് ജയം. ഏകപക്ഷീയമായ രണ്ട് ഗോളുകൾക്കാണ് സർവീസസിന്റെ ജയം. രാത്രി 7.30ന് നടക്കുന്ന മത്സരത്തിൽ ബംഗാൾ - മണിപ്പൂരിനെ നേരിടും. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ജമ്മുകശ്മീർ തെലങ്കാനയെ പരാജയപ്പെടുത്തിയിരുന്നു. നാളെ നടക്കുന്ന പോരാട്ടത്തിൽ കേരളം ഡൽഹിയെ നേരിടും.

************************************

## ഏഷ്യാ കപ്പ്

മലേഷ്യയിലെ ക്വാലാലംപൂരിൽ നാളെ നടക്കുന്ന അണ്ടർ 19 വനിതാ ട്വൻറി- 20 ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ, ബംഗ്ലാദേശുമായി ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാവിലെ 7 മണിക്കാണ് മത്സരം.

RNU TVPM

************************************

## ജോർജ്ജ് കുര്യൻ

ക്രിസ്മസ്, ശബരിമല തീർഥാടനത്തോടനുബന്ധിച്ച് കേരളത്തിലേക്ക് പ്രത്യേക ട്രെയിൻ സർവീസുകൾക്ക് അനുമതി നൽകിയതിൽ കേന്ദ്ര മന്ത്രി ശ്രീ അശ്വിനി വൈഷ്ണവിന് നന്ദി രേഖപ്പെടുത്തി സഹമന്ത്രി ജോർജ്ജ് കുര്യൻ. ശബരിമല തീർഥാടകരുടെ സുഗമമായ യാത്രയ്ക്കായി കേരളത്തിലേക്കും തിരിച്ചും 416 പ്രത്യേക ട്രെയിൻ സർവീസുകളും ക്രിസ്മസിന് പ്രത്യേകമായി 10 പ്രത്യേക ട്രെയിനുകളുമാണ് അനുവദിച്ചിട്ടുണ്ട്.

************************************

## റോസ്ഗാർ മേള

ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ ആഭിമുഖ്യത്തിൽ തിങ്കളാഴ്ച രാവിലെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന തൊഴിൽ മേളയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും. പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ വീഡിയോ കോൺഫറൻസിംഗ് വഴി നിയമന ഉത്തരവുകൾ വിതരണം ചെയ്യും. പുതുതായി നിയമിതരായവരെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

***********************************

## ആൻറണി മുനിയറ

മാധ്യമ പ്രവർത്തകൻ, കവി, കർഷകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ആൻറണി മുനിയറയെ കുറിച്ച് രചിച്ച "ഇടുക്കിയുടെ സ്വന്തം മുനിയറ" എന്ന പുസ്തകത്തിൻറെ പ്രകാശനം നടന്നു. ആകാശവാണി മുൻ പ്രോഗ്രാം വിഭാഗം മേധാവിയും കഥാകൃത്തുമായ ഡോ. എം. രാജീവ് കുമാർ ഉദ്ഘാടനം ചെയ്തു. എഴുത്തുകാരായ വി.വി കുമാർ, അജയപുരം ജ്യോതിഷ് കുമാർ എന്നിവരാണ് പുസ്തകം രചിച്ചത്. ആകാശവാണി-ദൂരദർശൻ ഇടുക്കി ജില്ലാ പ്രതിനിധിയായിരുന്ന ശ്രീ ആൻറണി മുനിയറ 2010 ൽ ദക്ഷിണേന്ത്യയിൽ നിന്നുള്ള ഏറ്റവും മികച്ച ആകാശവാണി പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

RIJU TVPM

***********************************

## ജി.ആർ.അനിൽ

ഭരണ സംവിധാനം കൂടുതൽ ജനകീയമാകണമെങ്കിൽ ജീവനക്കാരുടെ മനോഭാവത്തിൽ മാറ്റം വരണമെന്ന് മന്ത്രി ജി.ആർ.അനിൽ. അതിനായി അവരെ സജ്ജമാക്കാൻ

സാമൂഹ്യ സംഘടനകൾ പരിശ്രമിക്കണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

*************************************

**എ.കെ ശശീന്ദ്രൻ**

ജീവിതത്തിലെ പ്രതിസന്ധികളും പ്രശ്നങ്ങളും തരണം ചെയ്യാനുള്ള ആത്മവിശ്വാസവും ധൈര്യവും വിദ്യാർഥി ജീവിതത്തിൽ തന്നെ നേടിയെടുക്കണമെന്ന് മന്ത്രി എകെ ശശീന്ദ്രൻ. എൻഎസ്എസ് സഹവാസക്യാമ്പുകൾ ഇതിനുള്ള അവസരങ്ങളാണെന്നും എൻഎസ്എസ് സപ്തദിന സഹവാസ ക്യാമ്പിന്റെ കോഴിക്കോട്ട് ജില്ലാതല ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു. സുസ്ഥിര വികസനത്തിനായി എൻഎസ്എസ് യുവത എന്ന ആശയത്തിലാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്.

********************************************************

*************************************

**********************

RNU TVPM